(ബി) ഇതിനകം 19.61 കോടി രൂപ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. ചെലവായ തുകയുടെ വിവരം ജില്ലകളിൽ നിന്നും ശേഖരിച്ചുവരുന്നു.

(സി) എല്ലാ ജില്ലകളിലും മരുന്നുതളി ഊർജ്ജിതമായി നടന്നു വരുന്നു.

(ഡി) (ഇല്ല)

(ഇ) ചോദ്യം ഉദിക്കുന്നില്ല.

105 (423) വയനാട് ജില്ലയിലെ മണ്ഡരിരോഗം

ശ്രീ. വർഗ്ഗീസ് വൈദ്യർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽമണ്ഡരി രോഗമുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) ജില്ലയിലെ മണ്ഡരിരോഗം തടയുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വയനാട്ടിൽ 1907 തെങ്ങുകൾക്ക് മണ്ഡരിബാധയുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ഇടവക കോട്ടത്തറ പ്രദേശങ്ങളിലാണ് മണ്ഡരിബാധ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

(സി) പഞ്ചായത്ത് തലത്തിൽ കർഷകർക്കും തെങ്ങുകയറ്റ തൊഴിലാളികൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. മറ്റു ജില്ലകളെപ്പോലെ വയനാട്ടിൽ രോഗബാധ രൂക്ഷമല്ലാത്തതിനാൽ മരുന്നുതളി വൻതോതിൽ നടത്തിയിട്ടില്ല.

106 (424) മണ്ഡരി ബാധ നിവാരണ പ്രവർത്തനം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡരി ബാധ നിവാരണ പ്രവർത്തനത്തിന് എന്തു തുക ചെലവായെന്ന് വ്യക്തമാക്കുമോ;

(ബി) രോഗനിവാരണ പ്രവർത്തനം നടത്തിയതിന്റെ ഫലം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 19.61 കോടിയോളം രൂപ വിവിധ ജില്ലകൾക്കായി അനുവദിച്ചിട്ടുണ്ട്. ചെലവായ തുകയുടെ വിവരം ജില്ലകളിൽ നിന്നും ശേഖരിച്ചു വരുന്നു.

(ബി) മൂന്നു പ്രാവശ്യം മരുന്നു തളിക്കാനാണ് നിർദ്ദേശം. എന്നാൽ ഒരു പ്രാവശ്യത്തെ മരുന്നുതളി കൊണ്ട് വലിയ മാറ്റം വന്നതായിട്ടാണ് കർഷകരുടെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly